US PROFILES

അഡ്വ. മാത്യു വൈരമൺ

emalayalee.com

കൗൺസിൽമാൻ തിരഞ്ഞെടുപ്പിൽ വിജയപ്രതീക്ഷയുമായി അഡ്വ. മാത്യു വൈരമൺ

മീട്ടു റഹ്മത്ത് കലാം

അമേരിക്കയുടെ മുഖ്യധാരാ രാഷ്ട്രീയത്തിലേക്ക് മലയാളികൾ കടന്നുവരുന്നത് നമുക്കെന്നും ആവേശമുള്ള കാര്യമാണ്. അഡ്വ.മാത്യു വൈരമൺ എന്ന കൊല്ലം സ്വദേശി മത്സരരംഗത്തുള്ളതുകൊണ്ട്,മേയ് ആറാം തീയതി ടെക്സസിലെ സ്റ്റാഫോർഡിൽ നടക്കുന്ന കൗൺസിൽമാൻ തിരഞ്ഞെടുപ്പും പ്രാധാന്യമർഹിക്കുന്നു.അമേരിക്കൻ മലയാളികളുടെ തലസ്ഥാനം എന്ന് വിശേഷിപ്പിക്കാവുന്ന സ്ഥലമാണ് സ്റ്റാഫോർഡ് സിറ്റി. കേരളത്തിൽ നിന്ന് ആദ്യകാലങ്ങളിൽ ടെക്സസിൽ എത്തിയ ബഹുഭൂരിപക്ഷം ആളുകളും താമസിച്ചിരുന്നത് ഇവിടെയാണ്.ആരാധനയുടെയും ഭക്ഷണത്തിന്റെയും കാര്യത്തിൽ ഗൃഹാതുരത തുളുമ്പുന്ന മലയാളികൾക്ക് പള്ളികളും അമ്പലങ്ങളും മസ്ജിദുകളും കേരളാ റെസ്റ്റോറന്റുകളും ഗ്രോസറി സ്റ്റോറുകളും സ്റ്റാഫോർഡിൽ ധാരാളമുണ്ട്. തിരഞ്ഞെടുപ്പിലെ ഗതിവിഗതികളിൽ നിർണ്ണായക ശക്തിയായി നിലകൊള്ളാൻ പര്യാപ്തമാണ് ഇവിടുത്തെ മലയാളി സമൂഹം.സ്വന്തം കഴിവിലും ആളുകളുടെ പിന്തുണയിലുമുള്ള വിശ്വാസംകൊ

ണ്ട് വിജയസാധ്യത ഏറെയുണ്ടെന്ന് കണക്കുകൂട്ടുന്ന അഡ്വ.മാത്യു വൈരമൺ,തന്റെ പ്രതീക്ഷകൾ ഇ-മലയാളിയോട് പങ്കുവയ്ക്കുന്നു....

സ്റ്റാൻഫോർഡ് സിറ്റിയിൽ കൗൺസിൽമാനായി മത്സരിക്കാൻ പ്രത്യേകിച്ചൊരു കാരണമുണ്ടോ?

കഴിഞ്ഞ എട്ടുവർഷക്കാലമായി ഇവിടെയാണ് താമസം. സ്റ്റാഫോർഡ് സിറ്റി പ്ളാനിങ് ബോർഡ് ആൻഡ് സോണിംഗ് കമ്മീഷണർ ആയി മൂന്നുവർഷമായും പ്രോമിനേഡ് ഹോം ഓണേഴ്സ് അസോസിയേഷൻ ഡയറക്ടർ ബോർഡ് അംഗമായി നാലു വർഷമായും പ്രവർത്തിച്ചുവരികയാണ്.നിരവധി മലയാളികളുള്ള സ്റ്റാഫോർഡ് സിറ്റിയിൽ ഒരു മലയാളി പ്രാതിനിധ്യമുള്ളത് എപ്പോഴും നല്ലതാണ്. കമ്മ്യൂണിറ്റിയുടെ ഉന്നമനത്തിന് അത് അനിവാര്യമാണ്.ഇതിനുമുൻപ്

സിറ്റി കൗൺസിലിലേക്ക് മലയാളിയായ കെൻ മാത്യു മത്സരിച്ച് വിജയിച്ചിട്ടുണ്ട്. 16 വർഷമായി പ്രസ്തുത സ്ഥാനത്തുള്ള അദ്ദേഹം, മേയറായി മത്സരിക്കുന്നതിനാൽ വന്ന ഒഴിവിലാണ് ഞാൻ നിൽക്കുന്നത്. ഒരു മലയാളിയുടെ അഭാവം നികത്താൻ മറ്റൊരു മലയാളി എത്തുന്നതാണ് എന്തുകൊണ്ടും നല്ലത്. കമ്മ്യൂണിറ്റിക്കുവേണ്ടി തുടങ്ങിവച്ച കാര്യങ്ങൾ പൂർത്തീകരിക്കാൻ,നമ്മളിൽപ്പെട്ടവർക്കേ കഴിയുകയുള്ളു. വേറൊരാളുടെ താല്പര്യം വ്യത്യസ്തമായിരിക്കും.പൊസിഷൻ നമ്പർ 6 ലാണ് മത്സരം.സിറ്റിയിലെ എല്ലാ സ്ഥാനങ്ങളിലേക്കുമുള്ള തിരഞ്ഞെടുപ്പ് സിറ്റി അറ്റ് ലാർജിലാണ് നടക്കുന്നത്.

സാമൂഹിക സേവനമാണ് എന്റെ ആത്യന്തികമായ ലക്ഷ്യം.ജോലിയോടൊപ്പം സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന വ്യക്തി എന്ന നിലയിൽ, തിരഞ്ഞെടുപ്പുമത്സരം സുപരിചിതമാണ്. വിവിധ സംഘടനകളിൽ പല സ്ഥാനങ്ങൾ വഹിച്ച പ്രവർത്തിപരിചയവുമുണ്ട്.

സംഘടനകളിൽ വഹിച്ചിട്ടുള്ള സ്ഥാനങ്ങൾ?

പ്രോമിനേഡ് ഹോം ഓണേഴ്സ് അസോസിയേഷൻ ഡയറക്ടർ ബോർഡ് അംഗം,കേരള റൈറ്റേഴ്സ് ഫോറം പ്രസിഡണ്ട്, കുണ്ടറ അസോസിയേഷൻ സ്ഥാപക സെക്രട്ടറി , ബൈബിൾ ലിറ്ററേച്ചർ ഫോറം സ്ഥാപക സെക്രട്ടറി എന്നീ നിലകളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് . മലയാളി അസ്സോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റൺ (മാഗ്) വൈസ് പ്രസിഡണ്ട്, പിആർഓ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഫോമായുടെ ബൈ ലോ കമ്മിറ്റി മെമ്പറായി രണ്ടുവർഷം സേവനമനുഷ്ഠിച്ചു.വേൾഡ് മലയാളി കൗൺസിൽ ഹ്യൂസ്റ്റൺ ചാപ്റ്റർ സെക്രട്ടറിയായും പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.ഇൻഡോ അമേരിക്കൻ പ്രസ് ക്ലബിന്റെ ഹ്യൂസ്റ്റൺ ചാപ്റ്ററിന്റെ സെക്രട്ടറിയായിരുന്നു.ഐസിപിഎൻഎ ഹ്യൂസ്റ്റൺ ചാപ്റ്റർ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു.

ഇലക്ഷൻ പ്രചരണത്തിൽ സംഘടനകളുടെ പിന്തുണയുണ്ടോ?വിജയപ്രതീക്ഷയിലാണോ?

സ്റ്റാഫോർഡിലും സമീപപ്രദേശത്തുമുള്ള വ്യക്തികളും നേതാക്കളും സംഘടനകളും പിന്തുണ അറിയിച്ചിട്ടുണ്ട്. എതിരെ നിൽക്കുന്ന സ്ഥാനാർത്ഥി അത്ര ശക്തനല്ല. അതുകൊണ്ടുതന്നെ,വിജയപ്രതീക്ഷയിലാണ്.

എന്റെ വിദ്യാർത്ഥികളെ സ്നേഹിതരെപ്പോലെയാണ് പരിഗണിക്കുന്നത്.അവരൊക്കെയും ക്യാമ്പെയ്‌നിങ്ങിൽ സഹായത്തിനുണ്ട്.

അദ്ധ്യാപകൻ-അഭിഭാഷകൻ-എഴുത്തുകാരൻ...അപൂർവ്വമായൊരു കോമ്പിനേഷനാണല്ലോ. കൗൺസിൽമാനായി വിജയിച്ചാൽ, വിവിധ കർമ്മമണ്ഡലങ്ങളിലെ അനുഭവപരിജ്ഞാനം ഗുണംചെയ്യില്ലേ?

തീർച്ചയായും. എന്തുകൊണ്ട് എനിക്ക് വോട്ട് ചെയ്യണമെന്ന ചോദ്യത്തിന് ഓരോ വോട്ടർക്കുമുള്ള ഉത്തരമാണ് വിവിധ കർമ്മമണ്ഡലങ്ങളിലുള്ള എന്റെ അനുഭവപരിജ്ഞാനം. ഇതെല്ലാം ഒത്തിണങ്ങിയ ഒരു സ്ഥാനാർത്ഥിയെ കിട്ടുക എളുപ്പമല്ല. കൈവച്ച ഇടങ്ങളിലെല്ലാം കഴിവ് തെളിയിക്കാൻ സാധിച്ചതിൽ നിന്ന്, എന്നെ വിജയിപ്പിച്ചാൽ സിറ്റിക്ക് അത് മുതൽക്കൂട്ടാകുമെന്ന് ആളുകൾക്ക് മനസ്സിലാകും.

വോട്ട് ചെയ്യാൻ അമേരിക്കൻ മലയാളികൾക്ക് വിമുഖത ഉള്ളതായി തോന്നിയിട്ടുണ്ടോ?

സ്ഥാനാർത്ഥി മലയാളി അല്ലെങ്കിൽ അങ്ങനൊരു വിമുഖതയുണ്ട്.ജോലിയാണ് പ്രധാനമെന്ന് ചിന്തിക്കുകയും രാഷ്ട്രീയത്തിൽ അത്രകണ്ട് ഇടപെടാൻ ശ്രമിക്കാത്തവരുമാണ് അധികവും. എന്നാൽ,സ്വന്തം കമ്മ്യൂണിറ്റിയിൽ നിന്നൊരാൾ മത്സരിക്കുമ്പോൾ, 80 ശതമാനം പേരും ആ തിരഞ്ഞെടുപ്പ് ഗൗരവത്തോടെ കണ്ട്, വോട്ട് ചെയ്ത് പിന്തുണയ്ക്കും. നൂറുശതമാനം പേരും പിന്തുണച്ചാൽ നമുക്കൊരുപാട് മാറ്റങ്ങളും പുരോഗതിയും കൈവരിക്കാനാകും.അത്തരം മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. കൗണ്ടി ജഡ്ജ്,മേയർ എന്നിങ്ങനെ മുഖ്യധാരയിലേക്ക് മലയാളികൾ സാന്നിധ്യം അറിയിച്ചുതുടങ്ങി.സിറ്റിയിൽ പൊളിറ്റിക്കൽ അഫിലിയേഷനില്ല,എന്നാൽ കൗണ്ടിയിലുണ്ട്. എന്നിരുന്നാലും,മലയാളിക്കൊരു ആവശ്യം വന്നാൽ രാഷ്ട്രീയ ഭേദമന്യേ, അധികാരത്തിലിരിക്കുന്ന ഏതു മലയാളിയും സഹായിക്കും.





മലയാളികൾക്ക് രാഷ്ട്രീയത്തിൽ താല്പര്യം വരാൻ ഈ പ്രവണത ഗുണംചെയ്തിട്ടുണ്ട്.

ഈ സിറ്റിയിൽ താങ്കൾ പ്രധാനമായും ശ്രദ്ധിച്ചിട്ടുള്ള കാര്യങ്ങൾ?അധികാരം ലഭിച്ചാൽ, എന്തൊക്കെ മാറ്റങ്ങൾ വരുത്തും?

ഏറ്റവും പഴക്കമുള്ള സിറ്റികളിൽ ഒന്നാണ് സ്റ്റാഫോർഡ്. മറ്റു സിറ്റികൾ ഒരുപാട് വികസിച്ചപ്പോൾ അതിനൊപ്പം ഉയരാൻ ഈ സിറ്റിക്ക് കഴിഞ്ഞിട്ടില്ല. സിറ്റിയുടെ പഴമ നിലനിർത്തിക്കൊണ്ട് പുതിയ കെട്ടിടങ്ങൾ ഉയർത്തി, നഗരത്തിന് പുതിയ മുഖഛായ പകരണമെന്ന് ആഗ്രഹമുണ്ട്.സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കും.നഗരത്തിന്റെ സൗന്ദര്യവല്കരണത്തിനു ഊന്നൽ നൽകും. സിറ്റിക്ക് ഉന്നത നിലവാരത്തിലുള്ള സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഉറപ്പാക്കും. സ്റ്റാഫോർഡ് മുനിസിപ്പൽ സ്കൂൾ ഡിസ്ട്രിക്ടിനു പൂർണ പിന്തുണ നൽകി, കുട്ടികളുടെ വിദ്യാഭ്യാസ സാധ്യതകൾ വിപുലപ്പെടുത്തും.സിറ്റിയുടെ പദ്ധതികളുടെ നിർവഹണം സമയബന്ധിതമായി നടപ്പാക്കുന്നതിന് പിന്തുണ നൽകും.സ്റ്റാഫോർഡ് സിറ്റിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി, കൂടുതൽ ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുകയും ഇപ്പോൾ ഉള്ള ബിസിനസ്സ് സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുകയും ചെയ്യും.

സ്റ്റാഫ്ഫോർഡ് സിറ്റിയിലെ സീറോ പ്രോപ്പർട്ടി ടാക്സ് നിലനിർത്താൻ വേണ്ടി നിലകൊള്ളും.വില്പനനികുതിയും അടുത്തുള്ള നഗരങ്ങളെക്കാൾ കുറവാണ്.നിക്ഷേപകർക്ക് താല്പര്യം തോന്നുന്ന ഘടകങ്ങൾ സിറ്റിയിലുണ്ട്,അവ പ്രയോജനപ്പെടുത്തും. ഡ്രെയ്നേജ് സിസ്റ്റം നവീകരിക്കേണ്ടതാണ് മറ്റൊരു ആവശ്യകത.

emalayalee.com

കൗൺസിൽമാൻ മലയാളിയാകുന്നതുകൊണ്ട്, സ്റ്റാൻഫോർഡിലെ മലയാളികൾക്ക് എന്താണ് പ്രയോജനം?

സിറ്റിയിൽ നാലുപേരുടെ ഭൂരിപക്ഷം ഉണ്ടെങ്കിൽ മാത്രമേ ഒരു കാര്യം നടപ്പിലാക്കാൻ കഴിയൂ.ഒറ്റയ്ക്ക് ഒന്നും സാധിക്കില്ല.എങ്കിലും,കമ്മ്യൂണിറ്റിക്ക് ഒരാവശ്യം വന്നാൽ അവിടെ ശബ്ദം ഉയർത്താൻ ഞാനുണ്ടാകും.അധികാരം കൈവശമുണ്ടെങ്കിൽ, കാര്യങ്ങൾ സുഗമമാകും.

വിദ്യാഭ്യാസം?

കൊല്ലം എസ് എൻ കോളജിലെ പഠനത്തിന് ശേഷം ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്നും എൽഎൽബി നേടി. കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ക്രിമിനൽ ലോയിൽ എൽഎൽഎം രണ്ടാം റാങ്കോടെയാണ് പാസായത്. ടെക്സസ് യൂണിവേഴ്സിറ്റിയിൽ നിന്നും സെർട്ടിഫൈഡ് ഫിനാൻഷ്യൽ പ്ലാനർ കോഴ്സും പൂർത്തീകരിച്ചു. ഇന്ത്യയിൽ അഡ്വക്കേറ്റായിരുന്നു. ലൂസിയാന സ്റ്റേറ്റിൽ നിന്നും അറ്റോർണി അറ്റ് ലോ ലൈസൻസും നേടി. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസിൽ ടെക്സാസ് സതേൺ യൂണിവേഴ്സിറ്റിയിൽ നിന്നും പിഎച്ച്ഡി യും, ക്രിമിനൽ ജസ്റ്റിസിൽ യൂണിവേഴ്സിറ്റി ഓഫ് ഹൂസ്റ്റൺ ഡൗൺടൗണിൽ നിന്നും എംഎസ് ഡിഗ്രിയും കരസ്ഥമാക്കിയിട്ടുണ്ട്.

ഏത് റോളിലാണ് ഏറ്റവും സംതൃപ്തി?

അധ്യാപനമാണ് ഞാൻ ഏറ്റവുമധികം ആസ്വദിക്കുന്നത്. സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ ഫുൾ ടൈം ഫാക്കൽറ്റിയാണ്.അറിവ് പകർന്നുകൊടുക്കുന്നത് എപ്പോഴും സംതൃപ്തി നൽകുന്ന കാര്യമാണ്.ഒരു സെമസ്റ്ററിൽ 300 കുട്ടികളെ പഠിപ്പിക്കുന്നുണ്ട്.വിദ്യാർത്ഥികൾ നല്ല നിലയിൽ എത്തുന്നത് സന്തോഷമുള്ള കാര്യമാണ്.

ഭാര്യയുടെ സഹോദരൻ ഫയൽ ചെയ്ത്, ഫാമിലി എമിഗ്രേഷനിൽ 1999 ഓഗസ്റ്റിലാണ് ഞാൻ അമേരിക്കയിൽ എത്തിയത്.ഇവിടെ വന്ന് ജോലിക്കൊപ്പം പഠനം തുടരുകയും അറ്റോർണി ലൈസൻസ് എടുക്കുകയും ചെയ്തു.എമിഗ്രേഷൻ ലോയർ എന്ന നിലയിൽ ഫീസ് നോക്കാതെ ആളുകളെ സഹായിക്കുമ്പോഴും സംതൃപ്തി തോന്നാറുണ്ട്. ഓരോ ക്ലയന്റിലും നമ്മുടെ പഴയകാലം കണ്ട് കഴിയുന്നത്ര സഹായങ്ങൾ ചെയ്തുകൊടുക്കും.ഇന്ത്യയിലെ നിയമങ്ങളും അമേരിക്കയിലെ നിയമങ്ങളും അറിയാം.സിറ്റിസൺഷിപ്പും സ്റ്റാറ്റസുമായി ബന്ധപ്പെട്ട് ശരിയായ ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകും.

നിയമം അറിയാവുന്ന ഒരു എഴുത്തുകാരൻ കൗൺസിൽമാനായാൽ സിറ്റിക്കുണ്ടാകുന്ന ഗുണം?

സിറ്റിയിൽ നിരവധി ഓർഡിനൻസുകൾ വരും. സ്റ്റേറ്റ് കോൺസ്റ്റിറ്റ്യൂഷനും ഫെഡറൽ കോൺസ്റ്റിറ്റ്യൂഷനും വയലേറ്റ് ചെയ്യാതെ അവ പാസാക്കണമെങ്കിൽ നിയമവശങ്ങൾ അറിയണം.എന്നെപ്പോലൊരാൾ കൗൺസിൽമാനായാൽ അത്തരം നിയമം ഏവരുടെയും ശ്രദ്ധയിൽകൊണ്ടുവരാൻ കഴിയും.എഴുത്തുകാരനിലെ ദാർശനിക ബോധവും ഗുണം ചെയ്യും.

ഇന്ത്യൻ നിയമങ്ങളെയും അമേരിക്കൻ നിയമങ്ങളെയും താരതമ്യം ചെയ്താൽ?

ഇരു രാജ്യങ്ങളുടെയും നിയമങ്ങൾ ബ്രിട്ടീഷ് നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്.എന്നാൽ, ഇന്ത്യയിൽ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് രാഷ്ട്രീയ ഇടപെടലും ഉന്നതരുടെ സ്വാധീനവും ഉൾപ്പെടെ ഒട്ടേറെ തടസ്സങ്ങളുണ്ട്. അമേരിക്കയിൽ അത്തരം അഴിമതിയില്ല.

താങ്കളിലെ എഴുത്തുകാരനെക്കുറിച്ച്?

ഇംഗ്ലീഷിലും മലയാളത്തിലും എഴുതാറുണ്ട്.കവി,ഗാനരചയിതാവ്,ലേഖകൻ അങ്ങനെ പല രീതിയിൽ വിശേഷിപ്പിക്കാം.ആത്മീയ രചനകളാണ് അധികവും.വൈരമൺ കവിതകൾ,കാൽപ്പാടുകൾ,പ്രകാശധാര,നല്ല അയൽക്കാർ,ആശയസാഫല്യം എന്നിങ്ങനെ എട്ട് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു.രണ്ടെണ്ണം ഖണ്ഡകാവ്യങ്ങളാണ്. 2008 ൽ എന്റെ കവിതയ്ക്ക് ഫോമായുടെ അവാർഡ് ലഭിച്ചിരുന്നു.

കുടുംബം?

കൊല്ലത്തിനടുത്ത് കുണ്ടറയാണ് സ്വദേശം.വൈരമൺ കുടുംബാംഗമാണ്. അധ്യാപകനായിരുന്ന പിതാവ്, രണ്ടാം ലോകമഹായുദ്ധകാലത്ത് എയർഫോഴ്സിൽ ചേർന്നിരുന്നു.ഓഫീസറായാണ് വിരമിച്ചത്.മാതാപിതാക്കൾ ഇന്ന് ജീവിച്ചിരിപ്പില്ല.

ഭാര്യ റോസമ്മ മാത്യു റാന്നി നെടുംതോട്ടത്തിൽ കുടുംബാംഗമാണ്. വെറ്ററൻസ് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.രണ്ട് ആൺമക്കളാണ് - നെവിൻ ,ഗോഡ്വിൻ.ഇരുവരും വിവാഹം കഴിഞ്ഞ് ഭാര്യയും മക്കളുമായി കഴിയുന്നു. എന്റെ പ്രവർത്തനങ്ങൾക്ക് കുടുംബത്തിന്റെ പൂർണ പിന്തുണയുണ്ട്.

വോട്ടർമാരോട് എന്താണ് പറയാനുള്ളത്?

മേയ് 6 ന് രാവിലെ 7 മുതൽ വൈകിട്ട് 7 വരെയുള്ള സമയത്താണ് സിറ്റി ഹാളിൽ വോട്ടിങ് നടക്കുന്നത്. അന്നേ ദിവസം അസൗകര്യമുള്ളവർക്ക് മുൻപ് വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യമുണ്ടായിരിക്കും. ഏപ്രിൽ 24 മുതൽ 29 വരെ രാവിലെ 8 മുതൽ വൈകുന്നേരം 5 മണിവരെയും മേയ് 1,2 തീയതികളിൽ രാവിലെ 7 മുതൽ വൈകിട്ട് ഏഴ് വരെയും ഏർളി വോട്ടിങ് ചെയ്യാവുന്നതാണ്. ഓരോ വോട്ടും വിലപ്പെട്ടതാണ്, പാഴാക്കരുത്.